(ബി) ഓരോ വർഷവും വിവിധ പരസ്യം നൽകുന്നതിനായി വകുപ്പ് ശരാശരി രണ്ടര കോടി രൂപ വീതം ചെലവഴിക്കുന്നുണ്ട്. 2001 മുതൽ ഓരോ വർഷവും ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ കൃത്യമായ കണക്ക് താഴെ കൊടുക്കുന്നു:

2000–2001—2,50,71,954 രൂപ
2001–2002—2,36,17,802 ,,
2002–2003—3,02,77,412 ,,
2003–2004—2,65,23,774 ,,
2004–2005—4,36,21,554 ,,

(സി) വിദേശരാജ്യങ്ങളിലും വകുപ്പ് പരസ്യം ചെയ്യുന്നുണ്ട്. ഇതിനായി കഴിഞ്ഞ അഞ്ചു സാമ്പത്തികവർഷങ്ങളിൽ ചെലവഴിച്ച തുകയുടെ കണക്ക് താഴെ കൊടുക്കുന്നു:

2000–2001—1,10,00,000 രൂപ
2001–2002—1,05,76,300 ,,
2002–2003—1,11,48,554 ,,
2003–2004—1,21,00,000 ,,
2004–2005—2,87,00,000 ,,

(ഡി) പരസ്യ പ്രചാരണ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും പ്രത്യേകസഹായം ലഭിക്കുന്നില്ല. 2003-ലും 2004-ലും ഇന്റർനാഷണൽ ബോട്ട്ഷോ സംഘടിപ്പിക്കുന്നതിന് 15 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

കെ. ഐ. എച്ച്. എം. എസ്സിലെ കോഴ്സുകളും തസ്തികകളും

85 [2074] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കെ. ഐ. ററി. ററി. എസ്സിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര കെ. ഐ. എച്ച്. എം. എസ്. പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ സെന്ററിലും എത്ര കോഴ്സുകൾ നടത്തുന്നുണ്ട്; ഓരോ കോഴ്സിലും എത്ര കുട്ടികൾ വീതം പഠിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഈ സെന്ററുകളിൽ എത്ര ജീവനക്കാർ വീതം ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ തസ്തികകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ തസ്തികകളുടെ അംഗീകാരത്തിന് സർക്കാരിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ; തസ്തികകൾക്ക് അംഗീകാരം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കെ. ഐ. എച്ച്. എം. എസ്സിലെ വിദ്യാർത്ഥി പ്രവേശനത്തിന് സംവരണതത്വം പാലിക്കാറുണ്ടോ; ഇവിടങ്ങളിലെ പിന്നോക്ക പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് എത്ര മാസങ്ങളിലെ സ്റ്റൈപ്പൻഡ് കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിറ്റ്സിന്റെ കീഴിൽ മലയാറ്റൂരിൽ കെ. ഐ. എച്ച്. എം. എസ്. എന്ന ഒരു സ്ഥാപനം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

(ബി) മലയാറ്റൂരിൽ പ്രവർത്തിക്കുന്ന കെ. ഐ. എച്ച്. എം. എസ്. ൽ ഹൗസ് കീപ്പിംഗ് ആൻറ് ഫ്രണ്ട് ഓഫീസ് മാനേജ്മെൻറ് കോഴ്സിനു 12 കുട്ടികളും ആയുർവേദ മാസിയേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം കോഴ്സിനു 35 കുട്ടികളും ഫുഡ് ആൻറ് ബീവറേജ് സർവ്വീസസ് കോഴ്സിനു 7 കുട്ടികളും വീതവും പഠിക്കുന്നുണ്ട്. ഈ സെൻററിൽ പ്രിൻസിപ്പാൾ, ലക്ച്ചറർ, (ട്രാവൽ ആൻറ് ടൂറിസം) അക്കൗണ്ട്സ് ക്ലാർക്ക്, സ്വീപ്പർ എന്നീ താൽക്കാലിക തസ്തികകളും നിലവിലുണ്ട്. ഗസ്റ്റ് ലക്ച്ചറർമാരുടെ സേവനവും പ്രയോജനപ്പെടുത്തുന്നുണ്ട്.

(സി, ഡി) ഈ തസ്തികകൾക്ക് അംഗീകാരം നൽകുവാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ഇ) സംവരണതത്വം പാലിക്കാറുണ്ട്. പിന്നോക്ക പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൊളർഷിപ്പുകൾ നൽകുന്നതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതു പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പാണ്. ഈ വിഷയം പ്രസ്തുത വകുപ്പിന്റെ പരിഗണനയിലുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ വിനോദസഞ്ചാരികളുടെ എണ്ണത്തിലെ വർദ്ധന

86 [2075] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദ സഞ്ചാരികളുടെ വരവിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) ഇതു മൂലം സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004-05 സാമ്പത്തികവർഷം സംസ്ഥാനത്തെ വിനോദസഞ്ചാരികളുടെ വരവിൽ 0.5 ശതമാനം (30125 എണ്ണം) വർദ്ധനവ് 2003-04 സാമ്പത്തിക വർഷത്തെക്കാൾ ഉണ്ടായിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 7.7% (24.224 എണ്ണം) വർദ്ധനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 0.1% (5991 എണ്ണം) വർദ്ധനവും ഉണ്ടായിട്ടുണ്ട്.

(ബി) സർക്കാരിന് ഉണ്ടായ സാമ്പത്തിക നേട്ടം കണക്കാക്കപ്പെട്ടിട്ടില്ല.

ഇടുക്കി ജില്ലയിലെ ടൂറിസം പദ്ധതികൾ

87 [2076] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly